# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ഗ്രാമവികസന പദ്ധതികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5311 23-05-2017-ൽ മറുപടിക്ക്

ചോദ്യം മറുപടി

| | ശ്രീ. പാറക്കൽ അബ്ദുല്ല | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഗ്രാമവികസന പദ്ധതികൾ ഒന്നുകിൽ കേന്ദ്രാവിഷ്കൃത പദ്ധതികളോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളോ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഗ്രാമവികസന പദ്ധതികളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന സർക്കാർ പദ്ധതികളും ത്രിതല പഞ്ചായത്തിന്റെ പദ്ധതികളും ഉൾപ്പെടുന്നു. |
| (ബി) | ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ, ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഗ്രാമങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:-<br><br>**എൻ.ആർ.എൽ.എം**<br><br>സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് വരുമാന ദായക പ്രവൃത്തികൾക്ക് ആവശ്യമായ പിന്തുണ നൽകിക്കൊണ്ട് അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ആരംഭിച്ച പദ്ധതിയാണ് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻആർഎൽഎം). പ്രധാനമായും 4 ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. (1) സംഘടന ശാക്തീകരണം (2) ലഘു സമ്പാദ്യ പദ്ധതി (3) സാമൂഹ്യ ഉൾപ്പെടുത്തൽ (4) ഉപജീവനം. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും എഡിഎസ്സുകളുടെയും സിഡിഎസ്സുകളുടേയും ശാക്തീകരണവും കുടുംബശ്രീ സംസ്ഥാന/ജില്ലാ മിഷനുകളുടെ പരിശീലനവും, പട്ടികജാതി/തീരദേശ/അംഗ പരിമിതിയുള്ളവരുടെ അയൽക്കൂട്ടങ്ങളുടെ രൂപീകരണവും ശാക്തീകരണവും ലിംഗനീതി സംബന്ധമായ പ്രവർത്തനങ്ങളും അയൽക്കൂട്ടങ്ങൾക്കുള്ള റിവോൾവിംഗ് ഫണ്ട്/വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്/ കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്/ഇന്ററസ്റ്റ് സബ്‌വെൻഷൻ എന്നിവയും സാമ്പത്തിക സാക്ഷരതാ പ്രവർത്തനങ്ങളും വിവിധ ഉപജീവനങ്ങളിൽ ഏർപ്പെട്ടിരിക്കു |

| | | | |
|---|---|---|---|
| | | | ന്നവർക്കുള്ള വൈദഗ്ധ്യ പരിശീലനവുമാണ് എൻആർഎൽഎം പദ്ധതിയുടെ ഭാഗമായി നടത്തപ്പെടുന്നത്.<br><br>എൻആർഎൽഎം പദ്ധതിയുടെ കീഴിൽ ഉപജീവനമുമായി ബന്ധപ്പെട്ട പ്രധാനമായും രണ്ട് പദ്ധതികളാണ് നടത്തപ്പെടുന്നത്. (1) കൃഷി/കൃഷിയിതര മേഖല, മൃഗസംരക്ഷണ മേഖല, വനവിഭവമേഖല എന്നീ മേഖലകളിലുള്ള ലഘു സരംഭകർക്ക് വിദഗ്ദ്ധ പരിശീലനങ്ങൾ (സെമിനാറുകൾ, പഠനയാത്രകൾ എന്നിവ ഉൾപ്പെടെ) നൽകപ്പെടുന്നു. (2) കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ്/എൻർപ്രൈസ് ഫണ്ടിന്റെ കീഴിൽ ലഘു സംരംഭങ്ങളും പ്രൊഡ്യൂസർ കമ്പനികളും ശക്തിപ്പെടുത്തുന്നതിനുള്ള വായ്പ സഹായം. ഇത്തരം വായ്പകൾ വളരെ മിതമായ പലിശ നിരക്കിൽ സിഡിഎസ്സുകൾ മുഖേനയാണ് അയൽക്കൂട്ടാംഗങ്ങൾക്ക് വിതരണം ചെയ്യുന്നത്. അയൽക്കൂട്ടാംഗങ്ങൾ വായ്പ തിരിച്ചടയ്ക്കേണ്ടതും സിഡിഎസുകൾക്കാണ്.<br><br>**എം.കെ.എസ്.പി**<br><br>ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ ദേശീയ ഉപജീവന മിഷന്റെ ഉപപദ്ധതിയായിട്ടാണ് മഹിളാ കിസാൻ സശാക്തീകരണൻ പരിയോജന (എം.കെ.എസ്.പി.) വിഭാവനം ചെയ്തിരിക്കുന്നത്. കൃഷിയിൽ സ്ത്രീപ്രാധാന്യം ഉറപ്പു വരുത്താനും കൂടുതൽ കാർഷിക തൊഴിലവസരം സൃഷ്ടിക്കാനും സുസ്ഥിര വികസനം ഉറപ്പു വരുത്താനുമാണ് ലക്ഷ്യം വച്ചിട്ടുള്ളത്. കേരളത്തിൽ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മുഖേനയും ഗ്രാമ വികസന വകുപ്പ് മുഖേനയും പ്രോജക്റ്റുകൾ നടത്തിവരുന്നു.<br><br>കുടുംബശ്രീ മുഖേന കേരളത്തിലെ എല്ലാ ജില്ലകളിലും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളിലൂടെ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി അടങ്കൽ തുക 79 കോടി രൂപയാണ്. ഇതിൽ കേന്ദ്രവിഹിതം ഒന്നാം ഗഡു 9.03 കോടിയും രണ്ടാം ഗഡു 18.06 കോടിയും, സംസ്ഥാന വിഹിതമായി ആദ്യഗഡു 6.960 കോടി രൂപയുമാണ് ലഭ്യമായിട്ടുള്ളത്. 20.12 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.<br><br>കുടുംബശ്രീ എം.കെ.എസ്.പി. പദ്ധതി മുഖാന്തിരം കേരളത്തിൽ 30,000 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കാനും അതിലൂടെ ഒന്നര ലക്ഷത്തിലേറെ സ്ത്രീകളെ സുസ്ഥിര കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഭാഗമായി 65,601 സംഘകൃഷി ഗ്രൂപ്പുകളിലായി 2,88,005 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 600 മാസ്റ്റർ ഫാർമർ അഥവാ ജീവ ഏജന്റുമാരെ പരിശീലി |

പ്പിക്കുകയും അവർ ഫീൽഡിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിച്ചും വരുന്നു. കൂടാതെ 3000 മാസ്റ്റർ കർഷകർക്ക് കാർഷിക പ്രവർത്തന ങ്ങളിൽ ഏർപ്പെട്ടുന്നുണ്ട്. ഇവരെല്ലാം കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളാണ്.

**എം.കെ.എസ്.പി. വാല്യു ചെയിൻ**

ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ ദേശീയ ഉപജീവന മിഷന്റെ ഉപപദ്ധതിയായ മഹിളാ കിസാൻ സശാക്തീകരണൻ പരിയോജന (എം.കെ. എസ്.പി.) വഴി കാർഷിക മൂല്യ വർദ്ധിത ഉല്പന്ന ങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രവർത്തന ങ്ങൾക്കായി പുതിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് 2017-19 കാലഘട്ടത്തിൽ എം.കെ. എസ്.പി. വാല്യു ചെയിൻ (മൂല്യവർദ്ധിത ഉല്പന്ന ങ്ങൾ) പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

**ഡിഡിയുജികെവൈ**

ദരിദ്ര കുടുംബങ്ങളിലെ യുവതി യുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം)ന്റെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയു ജികെവൈ). ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും ഉത കുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. ഈ പദ്ധതിയുടെ ഭാഗമായി 21200 പേർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവല്പമെന്റ് & പഞ്ചായത്തീരാജ്, ഹൈദരാബാദിന്റെ മേൽനോട്ട ത്തിൽ 2014 ഫെബ്രുവരി മാസത്തിൽ 7 ഏജൻസി കളുമായി ധാരണാപത്രത്തിൽ ഏർപ്പെടുകയും പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗ്രാമ വികസന വകുപ്പിൽ കുടുംബശ്രീ സമർപ്പിച്ച വാർഷിക പദ്ധതി യുടെ ഭാഗമായി 30000 ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള അനുമതി കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന ത്തിൽ, 27 ഏജൻസികളെ തെരഞ്ഞെടുക്കുകയും 2015 ജൂലൈ മാസം മുതൽ പദ്ധതി നടപ്പിലാക്കി തുടങ്ങു കയും ചെയ്തിട്ടുണ്ട്. 2016 ജൂലൈ മാസം മേൽപറഞ്ഞ രണ്ട് പദ്ധതികളും കേന്ദ്ര ഗ്രാമ വികസന വകുപ്പ് ഏകോപിപ്പിക്കുകയും, 51,200 ഗുണഭോക്താക്കൾക്ക് പ രിശീലനം നൽകുന്നതിനുള്ള മുഴുവൻ ചുമതലയും കുടുംബശ്രീയെ ഏൽപ്പിക്കുകയും ചെയ്തു. ഗ്രാമ വികസന വകുപ്പ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.

<table>
<tr>
<td></td>
<td></td>
<td></td>
<td>1.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>(എം.ജി.എൻ.ആർ.ഇ.ജി.എ)<br>2.പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ-ജി)<br>3.സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (എസ്.ബി.എം.ജി)<br>4.പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന<br>(പി.എം.കെ.എസ്.വൈ)<br>5. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ)<br>6. നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം)<br>പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത പദ്ധതികൾ ഓരോന്നിനും അനുവദിച്ച കേന്ദ്രസഹായം , പദ്ധതികളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ, എന്നിവ വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>ടി പദ്ധതികൾക്ക് താഴെപറയും പ്രകാരം കേന്ദ്ര സഹായം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>ഡേ-എൻആർഎൽഎം പദ്ധതിയുടെ ഭാഗമായി താഴെപറയും പ്രകാരം കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.
<table>
<tr><th>വർഷം</th><th>തുക (ലക്ഷം)</th></tr>
<tr><td>2012-13</td><td>2294</td></tr>
<tr><td>2013-14</td><td>2620.9</td></tr>
<tr><td>2014-15</td><td>1806.29</td></tr>
<tr><td>2015-16</td><td>1354.22</td></tr>
<tr><td>2016-17</td><td>1968.84</td></tr>
</table>
എംകെഎസ്പി:- പ്രസ്തുത പദ്ധതി പ്രകാരം 2011-12-ൽ 9.03 കോടി രൂപയും, 2015-16-ൽ 18.06 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.<br><br>ഡിഡിയുജികെവൈ ടി പദ്ധതി അനുസരിച്ച്, 2014-15-ൽ 45 കോടി രൂപയും 2015-16 സാമ്പത്തിക വർഷം 1.39 കോടി രൂപയും 2016-17 സാമ്പത്തിക വർഷം 45 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.<br><br>ഗ്രാമവികസന വകുപ്പുമുഖേനയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### I. മഹാത്മാഗാന്ധിദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യാൻ സന്നദ്ധതയുള്ള, പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും പ്രതിവർഷം 100 ദിവസത്തെ അധിക തൊഴിലിന് നിയമപരമായ ഉറപ്പ് നൽകുന്ന പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇന്ത്യൻ പാർലമെന്റ് 2005 സെപ്തംബറിൽ പാസ്സാക്കി വിജ്ഞാപനം ചെയ്ത ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള ഈ പദ്ധതി ഒരേ സമയം ദാരിദ്ര്യ നിർമ്മാർജ്ജനവും അതോടൊപ്പം സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും ലക്ഷ്യമിടുന്നു. ഈ പദ്ധതിയ്ക്ക് വേതനഘടകം, സാധനഘടകം എന്നീ രണ്ട് ഘടകങ്ങളുമുണ്ട് ഇതിൽ വേതന ഘടകം പൂർണ്ണമായും കേന്ദ്രഗവൺമെന്റാണ് വഹിക്കുന്നത്. സാധന സാമഗ്രികളുടെ ചെലവ്, വിദഗ്ദ്ധ, അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവയുടെ 75 ശതമാനവും കേന്ദ്ര വിഹിതമായി ലഭിക്കുന്നു. സാധന ഘടകത്തിന്റെ **25%** വും തൊഴിലില്ലായ്മാ വേതനം നൽകുന്നുവെങ്കിൽ അതിലേക്ക്വരുന്ന ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്.

2016-17വർഷം 603.11 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനാണ് ലേബർ ബഡ്ജറ്റ് പ്രകാരം ലക്ഷ്യമിട്ടിരുന്നതെങ്കിലും 684.63 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ. സാധിച്ചിട്ടുണ്ട്. ഇത് ലക്ഷ്യമിട്ടതിന്റെ 113.52 ശതമാനമാണ്

2016-2017 സാമ്പത്തിക വർഷത്തിൽ കേന്ദ്രവിഹിതമായി 1582.49 കോടിരൂപയാണ് ലഭ്യമായത്.

### II. പ്രധാൻ മന്ത്രി ആവാസ്യോജന (ഗ്രാമീൺ)/

ഗ്രാമീണ പാർപ്പിടരംഗത്തെ വിടവ് നികത്തുന്നതിനും 2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ നിലവിലുണ്ടായിരുന്ന ഭവന പദ്ധതിയായ ഇന്ദിരാ ആവാസ്യോജന 2016 ഏപ്രിൽ 1 മുതൽ പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പദ്ധതിയായി നടപ്പിലാക്കുന്നു. 1,20,000/- രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു.

ഓരോ വീടിനും [illegible] തൊഴിലുറപ്പ് പദ്ധതിയിലൂടെ [illegible] 90 ദിവസത്തെ [illegible] നൽകുന്നു. [illegible] 70,000/- രൂപ [illegible]

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് സഹായം നൽകുന്നു കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. പി.എം.എ.വൈ.(ജി) ഭവന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിലെ അർഹരായ ഗുണഭോക്താക്കളെയാണ്. ടി പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ കുറഞ്ഞ തറവിസ്തീർണ്ണം 20 മീറ്റർ സ്ക്വയറിൽ നിന്നും 25 മീറ്റർ സ്ക്വയറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ പി.എം.എവൈ.(ജി) ഭവന പദ്ധതിയിലെ പൊതുവിഭാഗത്തിന് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് മൂന്നര ലക്ഷം രൂപയുമായി വർദ്ധിപ്പിച്ച് നൽകുന്നു. 1,20,000/- രൂപ കഴിഞ്ഞുള്ള തുക ത്രിതല പഞ്ചായത്തുകളും, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നൽകുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി 9113.40 ലക്ഷം രൂപയാണ് ലഭ്യമായത്.

## III. പ്രധാനമന്ത്രി ഗ്രാമസഡക്യോജന (പി.എം.ജി.എസ്.വൈ)

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഗ്രാമീണ മേഖലയിലെ റോഡ് ബന്ധമില്ലാതെ കിടക്കുന്ന ആവാസ കേന്ദ്രങ്ങളെ പ്രധാന റോഡുമായോ ആവാസ കേന്ദ്രങ്ങളുമായോ വ്യാപാര കേന്ദ്രങ്ങളുമായോഎല്ലാ കാലാവസ്ഥയിലും അനുയോജ്യമായ റോഡു മുഖാന്തിരം ബന്ധിപ്പിക്കുവാനായിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി ഗ്രാമീണസഡക് യോജന (പി.എം.ജി.എസ്.വൈ . നിലവിലുള്ള റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തലും പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്.

2016-17 സാമ്പത്തിക വർഷത്തിൽ 322.417കി.മീറ്റർ ദൈർഘ്യം വരുന്ന 134 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി 17944.60 ലക്ഷം രൂപയാണ് ലഭ്യമായത്.

## IV. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

രാജ്യത്ത് ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടുന്നതിനും രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 150 ാം ജന്മ വർഷമായ 2019 ഓടുകൂടി രാജ്യം സ്വച്ഛ് ഭാരത് ആക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് നിലവിൽ നടപ്പിലാക്കി വന്നിരുന്ന നിർമൽ ഭാരത് അഭിയാൻ പദ്ധതി മാറ്റങ്ങളോടെ 2014 ഒക്ടോബർ 2 മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പദ്ധതിയായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. സംസ്ഥാനത്ത് ശുചിത്വ മിഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങൾ 2016 നവംബർ 1 ന് പരിപൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു. 941 ഗ്രാമ പഞ്ചായത്തുകളിൽ പുതിയതായി 1,74,720 കുടുംബങ്ങളിൽ വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ചു നൽകിയാണ് ഗ്രാമങ്ങളെ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടത്.

2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി 9866.35ലക്ഷം രൂപയാണ് ലഭ്യമായത്.

## V. <u>പ്രധാനമന്ത്രി കൃഷിസിഞ്ചായിയോജന</u>

സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കി വന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടി (IWMP ) 2015-16 മുതൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)എന്ന പദ്ധതിയുടെ Watershed Component ആയി നടപ്പിലാക്കി വരുന്നു. മണ്ണും ജലവും ജൈവ സമ്പത്തും തമ്മിലുള്ള സ്വാഭാവിക ജൈവ ബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനും അതിലൂടെ മണ്ണിലെ ഈർപ്പം വർദ്ധിപ്പിയ്ക്കുന്നതിനും ഭൂഗർഭ ജലവിതാനം മെച്ചപ്പെടുത്തുന്നതിനും കാർഷിക ഉൽപാദനം വർദ്ധിപ്പിയ്ക്കുന്നതിനും ആണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന് പുറമെ ജീവനോപാധിയ്ക്കായി Joint Liability Group കൾക്ക് റിവോൾവിംഗ് ഫണ്ടും നൽകി വരുന്നു. നീർത്തട പരിപാലന പ്രവൃത്തികൾ നടപ്പിലാക്കുന്നത് വഴി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നു. പദ്ധതി നിർവ്വഹണ ഏജൻസിയായി ബ്ലോക്ക് പഞ്ചായത്തുകളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പദ്ധതി തുകയുടെ

കേന്ദ്ര-സംസ്ഥാന . വിഹിതങ്ങൾ 60:40 എന്ന അനുപാതത്തിലാണ് നടപ്പാക്കുന്ന സംസ്ഥാനത്ത് 83 പ്രോജക്ടുകളിലായി 4.22 ലക്ഷം ഹെക്ടർ പ്രദേശത്താണ് പദ്ധതി നടത്തിവരുന്നത്.

2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി 1716.00 ലക്ഷം രൂപയാണ് ലഭ്യമായത്.

## VI. നാഷണൽ റർബൻ മിഷൻ

കേന്ദ്ര സർക്കാർ, 2015 സെപ്തംബറിൽ പ്രഖ്യാപിച്ച ഒരു പുതിയകേന്ദ്ര പദ്ധതിയാണ് ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ ഇപ്പോൾ നാഷണൽ റർബൻ മിഷൻ എന്ന പേരിൽ അറിയപ്പെടുന്നു.

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിന്റെ സാമ്പത്തിക ഉന്നമനത്തിനും, നൈപുണ്യ വികസനത്തിനും, സംരംഭകത്വ വികസനത്തിനും, പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകൾക്കാണ് മുൻതൂക്കം നൽകുന്നത്. ഇത് വഴി ആ പ്രദേശങ്ങളെ 'സ്മാർട്ട് ക്ലസ്റ്റർ' ആക്കി മാറ്റുകയാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്

2015-16 വർഷത്തിൽ സംസ്ഥാനത്ത് തിരഞ്ഞെടുത്ത ക്ലസ്റ്ററുകൾ താഴെ സൂചിപ്പിക്കുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | ജില്ല | ക്ലസ്റ്റർ | പഞ്ചായത്തുകൾ |
|---|---|---|---|
| 1. | കണ്ണൂർ | മാങ്ങാട്ടിടം ക്ലസ്റ്റർ | മങ്ങാട്ടിടം, കോട്ടയം |
| 2. | എറണാകുളം | പുത്തൻവേലിക്കര ക്ലസ്റ്റർ | പുത്തൻവേലിക്കര, കുന്നുകര |
| 3. | കോട്ടയം | പുതുപ്പള്ളി ക്ലസ്റ്റർ | പുതുപ്പള്ളി, മണർകാട് |
| 4. | തിരുവനന്തപുരം | വെള്ളനാട് ക്ലസ്റ്റർ | വെള്ളനാട്, ആര്യനാട് |

2016-17 സാമ്പത്തിക വർഷത്തിൽ ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ടിന്റെ ആദ്യ ഗഡുവായി കേന്ദ്ര സർക്കാർ 2000.00 ലക്ഷം രൂപയാണ് അനുവദിച്ചത്.

സെക്ഷൻ ഓഫീസർ